## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

11/08/2017-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1537

## ലൈഫ് മിഷൻ പദ്ധതിയുടെ വിശദാംശങ്ങൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഭവനരഹിതർക്കായി നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതിയുടെ ലക്ഷ്യങ്ങൾ, പദ്ധതി നടപ്പാക്കുന്ന രീതി, പദ്ധതിയുടെ വിവിധ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയക്രമം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സ്വന്തമായി ഭൂമിയുള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം സ്വന്തമായി നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് "ലൈഫ് - സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി". സാധാരണ പാർപ്പിട പദ്ധതികളുടെ എല്ലാ കുറവുകളും നികത്തി, സാധാരണ പാർപ്പിട പദ്ധതികൾ കണ്ടെത്താൻ വിട്ടുപോകുന്ന ഏറ്റവും സാധാരണക്കാരനും ഏറ്റവും അർഹനുമായ ഗുണഭോക്താവിനെ തെരഞ്ഞു കണ്ടെത്തി, ഭവനം എന്നതിനപ്പുറം ജീവിതോപാധിയ്ക്ക് കൂടി സൗകര്യം നല്കുകയും സാമ്പത്തിക സേവനങ്ങളും സാമൂഹിക ക്ഷേമ പദ്ധതികളുടെ പ്രയോജനവും ലഭ്യമാക്കുക എന്നതാണ് ലൈഫ് മിഷന്റെ ലക്ഷ്യം.<br><br>ലൈഫ് മിഷന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് നാല്വ വിഭാഗങ്ങളിൽപ്പെട്ട വരെയാണ്.<br>1. ഭൂമിയുള്ള ഭവനരഹിതർ<br>2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായ ധനം അനുവദിച്ചെങ്കിലും പൂർത്തിയാകാത്തതോ, നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ |

| | | | |
|---|---|---|---|
| | | | ആയ ഗുണഭോക്താക്കൾ.<br>**3.** പുറമ്പോക്കിലോ, തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ<br>**4.** ഭൂരഹിത ഭവനരഹിതർ<br>ഇതിൽ,<br>◦ മാനസിക വെല്ലുവിളി നേരിടുന്നവർ/ അന്ധർ/ശാരീരികതളർച്ച സംഭവിച്ചവർ<br>◦ അഗതികൾ<br>◦ 40%-ത്തിന് മേൽ അംഗവൈകല്യമുള്ളവർ<br>◦ ഭിന്നലിംഗക്കാർ<br>◦ ഗുരുതരമാരകരോഗങ്ങളുള്ളവർ<br>◦ അവിവാഹിതരായ അമ്മമാർ<br>◦ രോഗം /അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ<br>◦ വിധവകൾ<br>◦ HIV ബാധിതർ<br>എന്നിവർ ഉൾപ്പെട്ട കുടുംബങ്ങൾക്ക് അവരുടെ ക്ലേശഘടകങ്ങൾ പരിശോധിച്ച് മുൻഗണന നൽകുന്നതാണ്.<br>വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ ധനസഹായം ലഭിച്ച് പണി ആരംഭിച്ച് വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാത്ത ഭവനങ്ങൾ ഉള്ള ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം നൽകി ഗുണഭോക്താക്കൾ നേരിട്ടോ അതിന് കഴിയാത്തവർക്ക് ഏജൻസി മുഖേനയോ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.. ഭൂരഹിത-ഭവനരഹിതർക്ക് എല്ലാവിധ സാമൂഹിക പശ്ചാത്തല സൗകര്യത്തോടും ജീവനോപാധിയോടും കൂടിയ ഭവനസമുച്ചയം/ക്ലസ്റ്ററുകൾ നിർമ്മിച്ച് നൽകുന്നതാണ്. ഭൂമിയുള്ളവർക്ക് സാമ്പത്തിക സഹായം നൽകി വ്യക്തിഗത ഭവനനിർമ്മാണം നടത്തുന്നതാണ്. വാസയോഗ്യമല്ലാത്ത ഭവനങ്ങൾ ഉള്ള ഗുണഭോക്താക്കൾക്ക് ധനസഹായം |

| | | | |
|---|---|---|---|
| | | | അനുവദിക്കൽ, അതിന്റെ നിർവഹണം എന്നിവയുള്ള നിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | ലൈഫ് മിഷൻ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയുടെ വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇത് പൊതുജനങ്ങൾക്ക് പരിശോധിക്കാനും ആക്ഷേപമുണ്ടെങ്കിൽ അത് സമർപ്പിക്കാനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (ബി) | സംസ്ഥാനത്തുള്ള ഭൂരഹിത-ഭവനരഹിതരെയും ഭൂമിയുള്ള ഭവനരഹിതരെയും കണ്ടെത്തുന്നതിന് കുടുംബശ്രീ സംഘടനാ സംവിധാനം ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ നടത്തിയ സർവേ പൂർത്തിയാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് ജൂലൈ 30 ന് പ്രസിദ്ധീകരിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ സിഡിഎസ് ഓഫീസ്, ആരോഗ്യകേന്ദ്രങ്ങൾ, അംഗൻവാടികൾ, വില്ലേജ് ഓഫീസ്, ഇതര സർക്കാർ ഓഫീസുകൾ, തദ്ദേശസ്വയംഭരണ സ്ഥാപന വെബ്സൈറ്റ്, എന്നിവിടങ്ങളിലാണ് കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. കരട് പട്ടികയിന്മേൽ ആക്ഷേപം ഉന്നയിക്കുന്നതിനും, അപ്പീൽ നല്കുന്നതിനും ജനങ്ങൾക്ക് അവസരമുണ്ട്. 2017 ആഗസ്റ്റ് 10 വരെയുള്ള ഒന്നാം ഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്കും 2017 ആഗസ്റ്റ് 25 വരെ ജില്ലാ കളക്ടർക്കും അപ്പീൽ നൽകാം. ആക്ഷേപങ്ങൾ പരിശോധിച്ച് ഗ്രാമസഭ/വാർഡ് സഭ, ഭരണ സമിതി എന്നിവയുടെ അംഗീകാരത്തോടെ 2017 സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. |
| (സി) | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ മാനദണ്ഡങ്ങളാണ് | (സി) | ലൈഫ് മിഷന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് നാലു വിഭാഗങ്ങളിൽപ്പെട്ടവരെയാണ്.<br>1. ഭൂമിയുള്ള ഭവനരഹിതർ<br>2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായ |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തിയിട്ടുള്ളത്; ഈ മാന ദണ്ഡപ്രകാരമാണോ പട്ടിക തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | ധനം അനുവദിച്ചെങ്കിലും പൂർത്തിയാകാത്തതോ, നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ ആയ ഗുണഭോക്താക്കൾ.<br>**3.** പുറമ്പോക്കിലോ, തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ<br>**4.** ഭൂരഹിത ഭവനരഹിതർ<br>ഇതിൽ,<br>◦ മാനസിക വെല്ലുവിളി നേരിടുന്നവർ/ അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ<br>◦ അഗതികൾ<br>◦ 40%-ത്തിന് മേൽ അംഗവൈകല്യമുള്ളവർ<br>◦ ഭിന്നലിംഗക്കാർ<br>◦ ഗുരുതരമായകരോഗങ്ങളുള്ളവർ<br>◦ അവിവാഹിതരായ അമ്മമാർ<br>◦ രോഗം /അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ<br>◦ വിധവകൾ<br>◦ HIV ബാധിതർ<br>എന്നിവർ ഉൾപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. |
| (ഡി) | അനർഹർ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കാനും അർഹരെ ഉൾപ്പെടുത്താനുമുള്ള അധികാരം ആർക്കെങ്കിലും നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആർക്കാണ് ഈ അധികാരം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ഡി) | ഗുണഭോക്താക്കളുടെ കരട് പട്ടികയിൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതിനും അർഹർ ഒഴിവായിപ്പോയിട്ടുണ്ടെങ്കിൽ അവരെ കൂട്ടി ചേർക്കുന്നതിനും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്. |
| (ഇ) | ഈ പട്ടികയ്ക്ക് ഗ്രാമസഭകളുടെ അംഗീകാരം ലഭ്യമാക്കേണ്ടതല്ലേ; ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് | (ഇ) | ഒന്നാം ഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും രണ്ടാം ഘട്ടത്തിൽ ജില്ലാ കളക്ടർക്കും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് തീർപ്പാക്കിയ ശേഷം |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | ഗ്രാമസഭ/വാർഡ് സഭ, ഭരണസമിതി എന്നിവയുടെ അംഗീകാരത്തോടെ 2017 സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. |
| (എഫ്) | ലൈഫ് മിഷൻ സർവ്വേയുടെ വിവരങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് പൊതു പരസ്യങ്ങളോ മറ്റോ സ്ഥാപിക്കാൻ വാർഡുകൾ തോറും എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എഫ്) | ലൈഫ് മിഷൻ സർവ്വേയുടെ കരട് ഗുണഭോക്തൃ പട്ടിക പൊതു ജനങ്ങളുടെ അറിവിലേക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ സിഡിഎസ് ഓഫീസ്, ആരോഗ്യകേന്ദ്രങ്ങൾ, അംഗൻവാടികൾ, വില്ലേജ് ഓഫീസ്, ഇതര സർക്കാർ ഓഫീസുകൾ, തദ്ദേശസ്വയംഭരണ സ്ഥാപന വെബ്സൈറ്റ്, എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിസ്റ്റ് പ്രസിദ്ധീകരിച്ച വിവരം പത്ര പരസ്യം വഴിയും ജനങ്ങളെ അറിയിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീ പ്രവർത്തകർ വഴി അയൽക്കൂട്ടങ്ങളിലും ലിസ്റ്റ് എത്തിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ജി) | പദ്ധതിയുടെ അന്തിമ ഗുണഭോക്തൃപട്ടിക എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ജി) | 2017 സെപ്റ്റംബർ 25. |

സെക്ഷൻ ഓഫീസർ